പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2685 17.10.2016-ൽ മറുപടിക്ക്

## കോടതികളിൽ മാധ്യമ പ്രവർത്തകർക്കുള്ള വിലക്ക് നീക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പാറക്കൽ അബ്ദുല്ല | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) കഴിഞ്ഞ ജൂലൈ 19 ന് ശേഷം കേരളത്തിലെ വിവിധ കോടതികളിൽ മാധ്യമ പ്രവർത്തകർക്കുള്ള വിലക്ക് ഇപ്പോഴും നിലവിലുണ്ടോ; | (എ) സംസ്ഥാനത്തെ കോടതികളിൽ മാധ്യമപ്രവർത്തകർക്ക് വിലക്ക് ഉള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, അപൂർവ്വം ചിലയിടങ്ങളിൽ തടസ്സം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ വിലക്ക് നീക്കുന്നതിനായി സംസ്ഥാന സർക്കാർ ഇടപെടണമെന്നാവശ്യപ്പെട്ട് ഇന്റർ നാഷണൽ പ്രസ്സ് ഇൻസ്റ്റിറ്റ്യൂട്ട് കത്ത് നൽകിയിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) ഇതേ ആവശ്യമുന്നയിച്ച് കൊണ്ടുള്ള "പ്രസ് കൗൺസിൽ ഓഫ് ഇൻഡ്യ" യുടെ സെക്രട്ടറിയുടെ കത്ത് ലഭിച്ചിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) എങ്കിൽ ഹൈക്കോടതിയിലെ മീഡിയ റൂം തുറക്കുക, വിവിധ കോടതികളിൽ നിന്നും വാർത്ത ശേഖരിക്കുന്നതിന് അച്ചടി, ദൃശ്യ മാധ്യമങ്ങൾക്കുള്ള നിലവിലെ വിലക്ക് നീക്കുക എന്നീ കാര്യങ്ങൾക്കായി സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (ഡി) മാധ്യമപ്രവർത്തകർക്ക് റിപ്പോർട്ടിംഗിന് തടസ്സമുണ്ടാകുന്നത് പരിഹരിക്കുന്നതിനും അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിലുള്ള തർക്കം അവസാനിപ്പിക്കുന്നതിനുമായി അഡ്വക്കേറ്റ് ജനറൽ ചെയർമാനും മാധ്യമപ്രവർത്തകരുടേയും അഭിഭാഷകരുടേയും പ്രതിനിധികളെ ഉൾപ്പെടുത്തിയും ഇവർക്കു പുറമെ പോലീസുകാരുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സംസ്ഥാന പോലീസ് മേധാവിയും ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ പോലീസ് മേധാവിയും ഉൾപ്പെടുന്ന ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. അതിനുശേഷവും തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് മുഖ്യമന്ത്രി അഡ്വക്കേറ്റ് ജനറലിനോടൊപ്പം |

ബഹു. ഹൈക്കോടതി ചീഫ് ജസ്റ്റിസിനെ കാണുകയും തടസ്സങ്ങൾ ഉണ്ടാവില്ല എന്ന് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ഹൈക്കോടതി രജിസ്ട്രാർ ജനറൽ ഇതു സംബന്ധിച്ച് പത്രക്കുറിപ്പ് ഇറക്കുകയും ചെയ്തു. ഇനിയുണ്ടാകുന്ന പ്രശ്നങ്ങൾക്ക് നിയമം അനുശാസിക്കുന്ന രീതിയിൽ കർശനമായി നേരിടാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ